# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1833 — 07/12/2015 ൽ മറുപടിക്ക്

### കോട്ടയം ജില്ലയിലെ എൽ.ഡി.സി നിയമനം സംബന്ധിച്ച്

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നടപ്പ് സാമ്പത്തിക വർഷം നിയമിച്ചു എന്നറിയിക്കാമോ ; | (എ) 31.03.2015 - ൽ നിലവിൽ വന്ന കോട്ടയം എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ സാമ്പത്തിക് വർഷം 30 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (ബി) എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. വേക്കൻസികളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ. എങ്കിൽ കാരണം വ്യക്തമാക്കാമോ. | (ബി) കേരള വാട്ടർ അതോറിറ്റിയുടെ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 01.03.11 - ലെ GO(P)No. 19/2011/WRD സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതിനാലും, ആയത് വിവിധ വകുപ്പുകളിലെ എൽ.ഡി.സി തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതകളിൽ നിന്നും വ്യത്യസ്തമായതിനാലും ടി ലിസ്റ്റിൽ നിന്നും നികത്താൻ കഴിയുകയില്ല. |
| (സി) 2015-16 സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ എത്ര എൽ.ഡി.സി ഒഴിവുകളാണ് ഇതുവരെ നിലവിൽ വന്നത് ; ഇതിൽ എത്ര വിരമിക്കൽ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ഇല്ലെങ്കിൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ. | (സി) വിവരം ശേഖരിച്ചു വരുന്നു ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ